LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാർക്ക് തസ്തികയിലുള്ള ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പി.റ്റി.എസ്. തസ്തികയിലുള്ള ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ**

89(1074) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

ഒരു കൃഷി ഭവനിൽ ഒരു കൃഷി ഓഫീസർ (നഗരസഭാ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ കൃഷി ഓഫീസർക്ക് പകരം ഒരു കൃഷി ഫീൽഡ് ഓഫീസർ), അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കർഷക കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2 അല്ലെങ്കിൽ 3 കൃഷി അസ്സിസ്റ്റന്റുമാർ, ഒരു പി.റ്റി.എസ്.

(ബി) നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവ് ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ ജോലിഭാരം പരിശോധിക്കുന്നതാണ്.

(സി) മട്ടുപ്പാവ് കൃഷി, ഹൈടെക്ക് കൃഷി, ഗ്രീൻഹൗസ് കൃഷി, മഴമറ - തരിശ് കൃഷി എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളിലെ കൃഷിഭവനുകളിലെ സ്റ്റാഫ് പാറ്റേൺ നഗരസഭ/കോർപ്പറേഷൻ മേഖലകളിലെ കൃഷിഭവനുകളിലും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പദ്ധതിയില്ല.

**കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

90(1075) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാർ സ്ഥിരമായി ഇല്ലാത്ത എത്ര കൃഷി ഭവനുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ അജാനൂർ കൃഷി ഭവനിലാണ്, നിലവിൽ കൃഷി ഓഫീസർ ഇല്ലാത്തത്.

(ബി) ഒഴിവുള്ള കൃഷി ഓഫീസർ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം**

91(1076) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ അപര്യാപ്തതമൂലം സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

കൃഷി ഓഫീസർ തസ്തികയിൽ 112-ഉം കൃഷി അസിസ്റ്റന്റ് തസ്തികയിൽ 279-ഉം ഒഴിവുകളാണ് നിലവിലുള്ളത്.

(സി) ഈ ഒഴിവുകൾ നികത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച പട്ടികയ്ക്കെതിരെ ഉദ്യോഗാർത്ഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ റാങ്ക് പട്ടിക സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ടി തസ്തികയിൽ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശകൾ നൽകിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly